

അമൃതപുരി കാമ്പസിൽ നവരാത്രി ഉത്സവത്തിന് സ്വാമി തുരീയാമൃതാനന്ദപുരി വിളക്ക് തെളിക്കുന്നു

# അമൃതയിൽ നവരാത്രി ആഘോഷം തുടങ്ങി

കൊല്ലം: അമൃത വിശ്വവിദ്യാപീഠത്തിന്റെ അമൃതപുരി കാമ്പസിൽ നവരാത്രി ഉത്സവം ആരംഭിച്ചു. ചൊവ്വാഴ്ച രാവിലെ സ്വാമി തുരീയാമൃതാനന്ദപുരി വിളക്ക് തെളിച്ചതോടെ ഒമ്പതുനാൾ നീണ്ടുനിൽക്കുന്ന ആഘോഷങ്ങൾക്ക് തുടക്കമായി. ഇവിടെ ഒരുക്കിയിട്ടുള്ള ബൊമ്മക്കൊലു ശ്രദ്ധേയമാണ്. രാവിലെ 6ന് ആരംഭിച്ച് രാത്രി 11 വരെ നീണ്ടുനിൽക്കുന്ന അഖണ്ഡ ലളിതാ സഹസ്രനാമാർച്ചനയാണ് ആഘോഷത്തിന്റെ മറ്റൊരു പ്രത്യേകത. ഒമ്പതുനാൾ വിവിധ കലാപരിപാടികളും അരങ്ങേറും.